"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊച്ചി നഗരസഭയിലെ വൈറ്റില സോണൽ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന -ടൗൺപ്ലാനിംഗ് വിഭാഗം ക്ലാർക്കായിരുന്ന ശ്രീമതി എസ്. ജയശ്രീ യ്ക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി- തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.428/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/02/2021

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.01.2017 തീയതിയിലെ ഇ26(കൃ.വി. 15/15/ഇകെഎം)15162/15/യുഎ നമ്പർ റിപ്പോർട്ട്

2 04.04.2019തീയതിയിലെ ഇയു2-79/2017-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ.

3 ശ്രീമതി എസ്. ജയശ്രീ സമർപ്പിച്ച 01.08.2017 തീയതിയിലെ പ്രതിവാദപത്രിക

4 നഗരകാര്യഡയറക്ടറുടെ 21.02.2019, 26.09.2019 തീയതികളിലെ വി3-9531/17 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊച്ചി നഗരസഭ വൈറ്റില സോണൽ ഓഫീസ് പരിധിയിലെ അനധികൃത നിർമ്മാണം സംബന്ധിച്ച് ശ്രീ ജോണി ജോസഫ് എന്നയാൾ സർക്കാരിൽ സമർപ്പിച്ചിരുന്ന പരാതിയിൽ അന്വേഷണം നടത്തുന്നതിനായി കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് അയച്ചു നൽകിയിരുന്നുവെങ്കിലും, ആയത് സമയബന്ധിതമായി നടപടികൾ എടുക്കുന്നില്ല എന്ന് കാണിച്ച് ശ്രീ.കെ.പി. ജോർജ്ജ് എന്നയാൾ ബഹു.തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് മുമ്പാകെ അന്യായം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പരാതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എറണാകുളം യൂണിറ്റ് അന്വേഷണം നടത്തി സമർപ്പിച്ച പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചകൾക്ക് ഉത്തരവാദിയെന്നാരോപിച്ച് കൊച്ചി നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീമതി എസ്. ജയശ്രീയ്ക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/ പത്രിക നൽകിയിരുന്നു.

2.കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് ശ്രീ.എസ്.ജയശ്രീ സമർപ്പിച്ച മറുപടിയിൽ കൊച്ചി കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേഖലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിലെ വൈറ്റില സോണൽ ഓഫീസിൽ 30.01.2014- ൽ ലഭിച്ച ശ്രീ ജോണി ജോസഫിന്റെ പരാതിയുമായി ബന്ധപ്പെട്ട്

കെ.ആർ.പി.2/415/2014 നമ്പർ ഫയൽ പരിശോധിച്ചതിൽ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കായ ശ്രീമതി എസ് . ജയശ്രീ 05.02.2014- ൽ സൂപ്രണ്ടായ കെ.ഷാജിയ്ക്ക് സമർപ്പിക്കുകയും ബിൽഡിംഗ് ഇൻസ്പെക്ടർക്ക് 05.02.2014- ൽ തന്നെ നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു . ബിൽഡിംഗ് ഇൻസ്പെക്ടർ 22.02.2014- ൽ റിപ്പോർട്ട് നൽകുകയും 04.03.2014- ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവ് നൽകുകയും അന്നുതന്നെ അനധികൃത നിർമ്മാണം നടത്തിയ കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകുന്നതിന് നടപടി സ്വീകരിച്ച് നോട്ടീസ് ഓഫീസ് അറ്റൻഡന്റ് വശം കൊടുത്തു വിട്ടിരുന്നെങ്കിലും കെട്ടിട ഉടമസ്ഥനെ നേരിട്ട് കാണാതിരുന്നതിനാൽ തപാൽ മാർഗ്ഗം 06.03.2014- ൽ നോട്ടീസ് അയച്ചിട്ടുള്ളതുമാണ് . ആയതിനു ശേഷം 28.06.2014- ൽ സെക്ഷൻ ക്ലാർക്ക് ഫയൽ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് നൽകിയിട്ടുള്ളതാണെന്നും പിന്നീട് സെക്ഷൻ ക്ലാർക്ക് ശ്രീമതി.എസ് .ജയശ്രീയുടെ ഭാഗത്തു നിന്നും കാലതാമസം ഉണ്ടായിട്ടില്ലാത്തതുമാണ് . വൈറ്റില സോണൽ ഓഫീസിൽ സോളാർ പാനൽ വർക്ക് ചെയ്യുന്നതിന് ഫയലുകൾ മാറ്റിയതിനെ തുടർന്നാണ് ഇപ്രകാരം കാലതാമസം വന്നിട്ടുള്ളത് . ശ്രീമതി എസ് ജയശ്രീ കെ.ആർ.പി.2 (KRP2-) സെക്ഷന്റെ ചാർജ്ജ് വഹിച്ചിരുന്ന കാലയളവിൽ ബഹു.ട്രൈബ്യൂണൽ കേസുകൾ, ബഹു ഹൈക്കോടതി മുമ്പാകെയുള്ള കേസുകൾ, വിവരാവകാശം മുതലായവ കൃത്യമായി കൈകാര്യം ചെയ്തിട്ടുള്ള ക്ലാർക്കാണെന്നും മന:പൂർവ്വം യാതൊരു വീഴ്ചയും ഉണ്ടായിരുന്നില്ലെന്നും വളരെയധികം ഫയലുകൾ കൈകാര്യം ചെയ്തപ്പോൾ ഫയൽ മാറിപ്പോയതുകൊണ്ടാണ് പ്രസ്തുത ഫയലിൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും ആയതിനാൽ ശ്രീമതി എസ്.ജയശ്രീയെ മേൽ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. .

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിലെ വൈറ്റില സോണൽ ഓഫീസിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ കെ.ആർ.പി.2 (KRP2-) സെക്ഷനിൽ ശ്രീമതി എസ് ജയശ്രീ 31.12.2010 മുതൽ 31.03.2015 വരെ ചുമതല വഹിച്ചിരുന്നു. ബഹു . മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ നിന്നും ശ്രീ . ജോണി ജോസഫ് സമർപ്പിച്ച പരാതി അന്വേഷണം നടത്തുന്നതിനുവേണ്ടി 30.01.2014- ൽ ഓഫീസിൽ ലഭ്യമാകുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ 04.03.2014 തീയതിയ്ക്കും 28.06.2014 തീയതിയ്ക്കും ഇടയിലുള്ള 3 മാസക്കാലം ഫയൽ ബന്ധപ്പെട്ടവർക്ക് കൈമാറി തുടർനടപടി സ്വീകരിക്കാതെ കാലതാമസം വരുത്തിയ നടപടി അംഗീകരിക്കാൻ കഴിയാത്തതും ആയതിന് ടിയാരി സമർപ്പിച്ച മറുപടി തൃപ്തികരവുമല്ല . നഗരസഭ പരിധിയിൽ അനധികൃതനിർമ്മാണം നടന്നിട്ടുള്ളതായി ബോധ്യം വന്നാൽ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 406 അനുസരിച്ച് അനധികൃത നിർമ്മാണം ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കേണ്ടതാണെന്നിരിക്കെയാണ് ബഹു . മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നിന്നും ലഭിച്ച അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട പരാതിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് ടിയാരിയുടെ ഭാഗത്തു നിന്നും മൂന്ന് മാസം കാലതാമസം സംഭവിച്ചിട്ടുള്ളത് . ആയതിനാൽ കൊച്ചി നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പൂർണ്ണമായും അംഗീകരിക്കാൻ കഴിയുന്നതല്ലായെന്നും , ആയതിനാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപണ വിധേയയായ സീനിയർ ക്ലാർക്ക് ശ്രീമതി എസ് ജയശ്രീയ്ക്കെതിരെ ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശചെയ്യുകയുണ്ടായി.

4. കൂടാതെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വൈറ്റില മേഖലാ ഓഫീസ് പരിധിയിൽ 63- ാം ഡിവിഷനിൽ വരുന്ന കാർഷിക റോഡ് കൈയ്യേറി ശ്രീ.ഇമ്മാനുവേൽ ലോറൻസ്

എന്നയാൾ അനധികൃത നിർമ്മാണം നടത്തിയതായുള്ള ശ്രീ.ജോണി ജോസഫിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തിയതിൽ അനധികൃത നിർമ്മാണം നടത്തിയതായി ബോദ്ധ്യപ്പെട്ടതിനാൽ ശ്രീ.ഇമ്മാനുവേൽ ലോറൻസിന് നോട്ടീസും, പ്രൊവിഷണൽ ഓർഡറും നൽകുകയും, തുടർന്ന് ഒരു വശത്തെ അനധികൃത നിർമ്മാണം മാത്രം ടിയാൾ പൊളിച്ച നീക്കം ചെയ്തിട്ടുള്ളതുമാണ്. എന്നാൽ മറ്റ് വശങ്ങളിലെ അനധികൃത നിർമ്മാണം പൊളിച്ച നീക്കം ചെയ്യാത്തതിനാൽ കൺഫർമേഷൻ ഓർഡർ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അനധികൃത നിർമ്മാണങ്ങൾ പൂർണ്ണമായും കെട്ടിട ഉടമയായ ശ്രീ ഇമ്മാനുവേൽ ലോറൻസ് സ്വന്തമായി പൊളിച്ച നീക്കം ചെയ്യുകയും അനധികൃത നിർമ്മാണം പൊളിച്ച നീക്കം ചെയ്തതായി രേഖാമൂലം നഗരസഭയിൽ അറിയിച്ചിട്ടുള്ളതുമാണ് . ആയതിനെതുടർന്ന് സ്ഥലപരിശോധന നടത്തിയതിൽ പ്രസ്തുത അനധികൃത നിർമ്മാണം പൂർണ്ണമായും പൊളിച്ച നീക്കം ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം നഗരകാര്യഡയറക്ടർ അറിയിക്കുന്നു .

5.സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിൽ സമർപ്പിച്ച മറുപടി, നഗരകാര്യ ഡയറക്ടറുടെ ശുപാർശ എന്നിവ സഹിതം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ആരോപണവിഷയത്തിൽ കൊച്ചി നഗരസഭയിലെ വൈറ്റില സോണൽ ഓഫീസിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ ക്ലാർക്കായിരുന്ന ശ്രീമതി എസ്.ജയശ്രീയുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടുള്ളതായി കാണ്ടെത്തി.മേൽ സാഹചര്യത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സത്വരാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിലെ വൈറ്റില സോണൽ ഓഫീസിലെ ടൗൺപ്ലാനിംഗ് വിഭാഗം ക്ലാർക്കായിരുന്ന ശ്രീമതി എസ്. ജയശ്രീയ്ക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ടിയാരിയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി എസ്. ജയശ്രീ , ടൗൺപ്ലാനിംഗ് വിഭാഗം ക്ലാർക്ക്, വൈറ്റില സോണൽ ഓഫീസ്,കൊച്ചി നഗരസഭ (നഗരകാര്യഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(30.11.2020 തീയതിയിലെ VIG-ഡി1/421/2020-VIGനമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ